മരിച്ചവരെ അടക്കൽ

(നാടകങ്ങൾ)



കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
ശാസ്ത്രകലാജാഥ 1984

Malayalam

MARICHAVARE ADAKKAL

Nadakangal

Kerala Sastra Sahitya Parish at

First Published 1984

Social Scientist Press, Trivandrum-14

Price : one rupee

kssp skj 3/84 D 1/8 1/10000

മരിച്ചവരെ അടക്കൽ

(ശവം എടുത്തുകൊണ്ടു വരുന്നു. ക്യാപ്റ്ററൻ മുന്നിൽ മാർച്ചു ചെയ്യുന്നു. നാലുപേർ ശവവുമായി പിന്നിൽ നടക്കുന്നു. രണ്ടുപേർ ശവക്കുഴി വെട്ടുന്നു. ശവം കുഴിയുടെ മുന്നിൽ കൊണ്ടു വയ്ക്കുന്നു. മാർച്ച് ചെയ്ത് പിന്നിൽ നിരന്നുനിൽക്കുന്നു. ശവം കുഴിയിൽ ഇറക്കാൻ ക്യാപ്റ്ററൻ ഓർഡർ കൊടുക്കുന്നു. ശവം എടുക്കുന്നതിനായി കോറസ് മുന്നോട്ടു വരുന്നു.)

ശവം: അരുത് എന്നെ കുഴിയിൽ ഇടരുത്.
ശവക്കുഴിയിൽ കിടക്കാൻ എനിക്ക് മനസ്സില്ല.
(എല്ലാവരും പരിഭ്രാന്തരായി പിന്നിലേക്കോടുന്നു.)

ശവം: (എഴുന്നേൽക്കുന്നു. കോറസ് നാലുപാടും ഓടുന്നു.)
പോകരുത്. ഇവിടെ എന്നോടൊപ്പം നിൽക്കണം. ഞാൻ മരിച്ചെങ്കിലും നിങ്ങളിൽ നിന്നും വിഭിന്നനല്ല. നെഞ്ചിൽ ഒരീയക്കഷണം-ഒരു വെടിയുണ്ട തറച്ചു എന്ന വ്യത്യാസം മാത്രം.

ക്യാപ്റ്ററൻ: പിടിക്ക് (എല്ലാവരും ശവത്തെ പിടിക്കുന്നു. വല്ലാത്ത നാററം അഭിനയിക്കുന്നു)
ഡോക്ടർ... ഡോക്ടർ....

(ഡോക്ടർ വന്ന് പരിശോധിക്കാൻ തുടങ്ങുന്നു. വല്ലാത്ത നാററം. പോക്കററിൽ നിന്ന് മദ്യകുപ്പി എടുത്ത് തുറന്ന് കഴിക്കുന്നു. പരിശോധിക്കുന്നു.)

ഭടൻമാർ 1:– എന്തൊരു നാററം
ഭടൻ 2: - സഹിക്കാൻ വയ്യ.
,, 3:– അഴുകി തുടങ്ങി.
,, 4:– ഉടനെ അടക്കണം.

ഡോക്ടർ: ഇവൻ മരിച്ചിട്ട് 48 മണിക്കൂർ കഴിഞ്ഞു. വെടിയുണ്ട മർമസ്ഥാനത്തുതന്നെ തറച്ചിരിക്കുന്നു. He is clinically dead (ഡോക്ടർ പോകുന്നു.)

ക്യാപ്റ്ററൻ: ഇവനെ കുഴിച്ചു മൂടൂ....

ഭടൻമാർ: ഇവനിഷ്ടമില്ലെങ്കിൽ എങ്ങനെ കുഴിച്ചുമൂടും?

ക്യാപ്റ്ററൻ: ഫൂംസ്. സാവ്ധാൻ........(ശവത്തോട് സൗമ്യമായി) നിങ്ങൾമരിച്ചതിൽ എനിക്കും പ്രസിഡണ്ടിനും എല്ലാ സൈനിക വിഭാഗങ്ങൾക്കും അഗാധമായ ദുഃഖമുണ്ട്. ദയവായി ഞാൻ പറയുന്നതനുസരിക്കൂ. നിങ്ങളെ സംസ്ക്കരിക്കേണ്ടത് രാഷ്ട്രത്തിൻെറ ആവശ്യമാണ്. നിങ്ങൾഈ രാജ്യത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ പ്ലീസ് പ്ലീസ്....

ഭടൻമാർ: ഇങ്ങനെ പോരാ. ശക്തിയായി ഓർഡർ ഇടണം.

ക്യാപ്റ്ററൻ: (ഉച്ചത്തിൽ) You fools, (ശവത്തോട്) ഡോക്ടറുടെ റിപ്പോർട്ട് നിങ്ങൾ നോക്കണം. ഔദ്യോഗികമായും ശാരീരികമായും നിങ്ങൾ മരിച്ചിരിക്കുന്നു. പോകൂ ശവക്കുഴിയിലേക്ക്. ജനറലിൻെറ കൽപനയാണ്.

ശവം: ഞങ്ങൾക്ക് ഒരുജനറൽ ഉണ്ടായിരുന്നു. ഇപ്പോൾ മരിച്ച എനിക്ക് ഒരു ജനറൽ ഇല്ല. നിങ്ങൾ നിങ്ങളുടെ ജനറലിനോട് ചോദിക്കൂ, 25-ാംവയസ്സിൽ അയാൾ മരിക്കാൻ ഇഷ്ടപ്പെടുമോ എന്ന്. ഒരു മനുഷ്യൻ ജീവിതം ആരംഭിക്കുന്ന പ്രായം, ജീവിക്കാൻവേണ്ടി അവൻെറ മോഹങ്ങൾ പൂവണിയുന്ന കാലം...സ്വന്തം സഹോദരനെ ഒരു ചാൺ വയറിനുവേണ്ടി കൊല്ലേണ്ടിവരിക, ഈ സുന്ദരമായ ഭൂമിയെ നശിപ്പിക്കേണ്ടിവരിക, ഇല്ല—ഞാൻ പോകില്ല. എനിക്കിവിടെ കഴിയണം. ഈ ഭൂമിയിൽ കഴിയണം.

ക്യാപ്റ്ററൻ: ചങ്ങാതി....നിനക്കെന്തു സഹായം ആണ് വേണ്ടത്? എല്ലാവിധ സൈനിക ബഹുമതിളോടും കൂടിയാണ് നിന്നെ സംസ്ക്കരിക്കുന്നത്. ആശ്രിതർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളെല്ലാം അനുവദിച്ചുകഴിഞ്ഞു. മരണാനന്തര ബഹുമതിക്കും ശുപാർശ ചെയ്തിട്ടുണ്ട്. ഇനിയെങ്കിലും.......

ശവം: ഇല്ല. എന്തുതന്നെയായാലും ഞാൻ പോകില്ല. എനിക്കിവിടെ കഴിയണം. ഈ ഭൂമിയിൽ ജീവിക്കണം.

(പത്രറിപ്പോർട്ടർ കടന്നു വരുന്നു)

റിപ്പോർട്ടർ: ഒന്നാം തരം സ്റേറാറി. ഈ നൂററാണ്ടിലോ കഴിഞ്ഞ നൂററാണ്ടിലോ ഇങ്ങനെയൊരു വാർത്തയുണ്ടായിട്ടില്ല. നെഞ്ചിൽ തറച്ച വെടിയുണ്ടയുമായി ശവങ്ങൾ കുഴിയിലിറങ്ങാതെ ചെറുത്തു നില്ക്കുന്നു. മുൻ പേജിൽ 8 കോളം വാർത്ത. ഈ നൂററാണ്ടിലെ സെൻസേഷണൽ ന്യൂസ് ഇതുതന്നെ. തികച്ചും യുണീക്. നിസ്തുലം. ഇത് റിപ്പോർട്ട് ചെയ്യാൻ ഭാഗ്യം ലഭിച്ചതോർക്കുമ്പോൾ കോരിത്തരിച്ചു പോകുന്നു. ഈ വർഷത്തെ അവാർഡ് എനിക്കുതന്നെ.

ക്യാപ്ററൻ: തനിക്കെന്തോണിവിടെ കാര്യം?

റിപ്പോർട്ടർ: ഞാൻ പത്രറിപ്പോർട്ടറാണ്. ഇത് യുദ്ധകാലമാണ്. വാർത്തയറിയാൻ ജനങ്ങൾ കാത്തിരിക്കുന്നു.

ക്യാപ്ററൻ: യുദ്ധവാർത്തകൾ സെൻസർ ചെയ്യും.

റിപ്പോർട്ടർ: സെൻസറിങ്ങ്. ഇല്ല. ഒരിക്കലുമില്ല. കാര്യങ്ങൾ നിങ്ങളുടെ പിടിയിൽ നിന്നും വിട്ടുപോയി എന്നാണ് എൻെറ പക്ഷം. ഒന്നല്ല, എണ്ണിയാൽ ഒടുങ്ങാത്ത കഴിഞ്ഞ യുദ്ധങ്ങളിലെല്ലാം മരിച്ച ആയിരക്കണക്കിനുപടയാളികൾ പലയിടങ്ങളിലും ഉയിർത്തെഴുന്നേററിരിക്കുകയാണ്. ശവക്കുഴികൾ പിളർന്ന് അവർ നടന്നടുക്കുന്നു. ഒരേയൊരാവശ്യവുമായി. യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യനു വേണ്ടി.

കോറസ്: (ശവങ്ങളായി പ്രത്യക്ഷപ്പെടുന്നു)

റിപ്പോർട്ടർ: ശവങ്ങൾ ഒന്നിനൊന്ന് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നു. അവർ വിജയക്കൊടി നാട്ടാൻ പോകുന്നു. ഉഗ്രൻ വാർത്ത....

കോറസ്: യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യനു വേണ്ടി (നടന്നടുക്കുന്നു)

ക്യാപ്ററൻ: (ഗർജിച്ചുകൊണ്ട്) യന്ത്രത്തോക്കുകൾ വരട്ടെ. ഞാനിവററകളെ ഒരു പാഠം പഠിപ്പിക്കുന്നുണ്ട്. വയ്ക്കൂ വെടി....ഇവററകൾ തകരട്ടെ....പൊടിഞ്ഞു തകരട്ടെ....
(ശവങ്ങൾ ക്യാപ്ററനെ വളയുന്നു)

ശവങ്ങൾ: യുദ്ധം നിർത്തണം... ജീവിക്കുന്ന മനുഷ്യനുവേണ്ടി... കുഴിവെട്ടി മൂടുവിൻ ആയുധങ്ങൾ. അതിനുമേലാകട്ടെ സംസ്കാരം. (മൂന്നുതവണ ആവർത്തിക്കുന്നു.)

സീത

[പിന്നിൽ നിന്ന് രണ്ട് കോറസുകൾ ഒരു പെൺകുട്ടിയെ കയറുകെട്ടി വലിച്ചുകൊണ്ടുവരുന്നു. അരങ്ങിൻെറ മധ്യഭഗത്തെത്തുമ്പോൾ ഒന്നാം കോറസ് കയർ നിലത്തേക്കെറിഞ്ഞുകൊണ്ട്:]

നാരികൾ നാരികൾ ലോകവിപത്തിൻെറ
നാരായവേരുകൾ നാരകീയാഡികൾ

രണ്ടാംകോസ്: അങ്കുശമിലാത്ത ചാപല്യമേ മന്നിൽ
അംഗനയെന്നു വിളിക്കുന്നു നിന്നെ ഞാൻ.

രണ്ടുംചേർന്ന്: തക്കംപോൽ പറയുവാനുള്ള സാമർഥ്യത്തെ
തൽക്കാലം നമുക്കിന്ന് സ്ത്രീയെന്നു
വിളിച്ചിടാം. (3)

[കോറസ് ശബ്ദമുണ്ടാക്കിക്കൊണ്ട് സ്ത്രീക്കുചുററും കറങ്ങുന്നു. പെൺകുട്ടി തറയിൽ വീഴുമ്പോൾ കോറസ് മറയുന്നു.]

നരേററർ: സ്ത്രീ! ജീവിതത്തിൻെറ എല്ലാ തുറകളിലും നിരന്തരം ചൂഷണത്തിന് വിധേയയാകുന്ന, വെറുമൊരു ഉപഭോഗവസ്തുവിനെപ്പോലെ കമ്പോളത്തിൽ കൈമാററം ചെയ്യപ്പെടുന്ന അപമാനിതയാകുന്ന സ്ത്രീയാണ് ഈ നാടകത്തിലെ വിഷയം.

[സീത വള്ളിച്ചാട്ടം ചാടിക്കൊണ്ട് പ്രവേശിക്കുന്നു.]

നരേററർ: സീത ഒരു പതിനഞ്ചു വയസ്സുകാരി. ഒരു സ്കൂൾ വിദ്യാർഥിനി.

അമ്മ: സീതേ....സീതേ....[വിളിച്ചുകൊണ്ട് കടന്നുവരുന്നു. സീതയെ കണ്ടിട്ട്] ഇതെന്താടി നിൻെറ വിചാരം ആൺകുട്ടിയാണെന്നാ?

സീത: അതെന്താ പെൺകുട്ടികൾ ചാടിക്കൂടെ?

അമ്മ: ഛീ–തർക്കുത്തരം പറയുന്നോ. എടീ പെൺകുട്ടികളൊക്കെ ഒരു പ്രായം കഴിഞ്ഞാൽ പിന്നെ അടങ്ങിയൊതുങ്ങി ശ്വാസം കഴിക്കാതെ കഴിഞ്ഞുകൂടണം. അറിയാമോ നിനക്ക്?

സീത: ഏതു നിയമത്തിലാ അങ്ങനെ പറഞ്ഞിട്ടുള്ളത്?

[കോറസ് തററുടുത്ത് പൂജാവിധികളുടെ ആംഗ്യത്തോടെ ചുററും കറങ്ങിക്കൊണ്ട് ചൊല്ലുന്നു.]

"പിതാരക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവ്വനേ
പുത്രോ രക്ഷതി വാർധക്യേ
നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" (2)

[സീത പുസ്തകം വായിച്ചുകൊണ്ട് കടന്നുവരുന്നു. അമ്മ കടന്നുവരുന്നു. പുസ്തകം വായിക്കുന്നത് കണ്ടിട്ട്].

അമ്മ: നീ എന്തെടുക്കുവാടീ?

സീത: പുസ്തകം വായിക്കുവാ.

അമ്മ: എന്തു പുസ്തകം?

സീത: വിക്ടർ ഹ്യൂഗോവിൻെറ പാവങ്ങൾ.

അമ്മ: പാവങ്ങൾ! അവളുടെ ഒരു പുസ്തകംവായന. [പുസ്തകം വാങ്ങിച്ച് എറിയുന്നു]. എടീ പെൺകുട്ടികൾ ഒരു പ്രായം കഴിഞ്ഞാൽ ഇത്തരം നോവലും കഥകളുമൊന്നും വായിച്ചുകൂടാ.

[ഈ സമയം ഒരു കുട്ടി സീതേ, സീതേ എന്നു വിളിച്ചുകൊണ്ട് കടന്നുവരുന്നു. അമ്മയെ കണ്ടുകൊണ്ട് പോകുവാൻ തുടങ്ങുന്നു. അപ്പോൾ]

അമ്മ: എടാ, ഇവിടെ വാടാ, എന്തിനാ അവളെ വിളിച്ചത്.

കുട്ടി: ലൈബ്രറീൽ പോകാൻ

അമ്മ: ലൈബ്രറീൽപോകാൻ. എടാ ആൺകുട്ടികൾ ആൺകുട്ടികളുടെ കൂടെ കളിച്ചാൽമതി. പോടാ, പോ.

[കുട്ടി പോകുന്നു]

അമ്മ: [സീതയോട്] എടീ ഇനി ആൺകുട്ടികളുടെ കൂടെ കളിക്കുവാൻ പോയാൽ അരിഞ്ഞുകളയും നിന്നെ ഞാൻ. വാടി ഇവിടെ.

[സീതയെ വലിച്ചുകൊണ്ട് പോകുന്നു. സീതക്ക് പ്രായമായതിൻെറ കുരവ കോറസ് ഇടുന്നു. അതുകഴിഞ്ഞ് സീത മേയ്ക്കപ്പ് ചെയ്യുന്നു.]

ഒന്നാംകോറസ്: ഉടുരാജമുഖി, മൃഗരാജകടി, ഗജരാജവിരാജിതമന്ദഗതി, യതിസായുവതി, നികടേവസതി, കപതപ, കപചപ, കപസമാധിമിധി.

രണ്ടാംകോറസ്: അന്നൊത്തപോക്കീ - കുയിലൊത്തപാട്ടീ - തിലപുഷ്പമൂക്കീ - ദരിദ്രയില്ലത്തെ യവാഗുപോലെ - നീണ്ടിട്ടിരിക്കും നയനദ്വയത്തി....

(അച്ഛൻ പണവും എണ്ണിക്കൊണ്ട് കടന്നുവരുന്നു. വിവാഹദല്ലാൾ കടന്നുവരുന്നു.)

ദല്ലാൾ: കുട്ടിക്ക് ജോലിയൊന്നുമായിട്ടില്ല. അല്ലേ?

അച്ഛൻ: ഇല്ല. അവളാ ഈ വീട്ടിലെ പണികൾ എല്ലാം നോക്കുന്നത്.

ദല്ലാൾ: അയ്യേ ഇക്കാലത്ത് അതൊന്നും പറഞ്ഞിട്ട് ഒരു കാര്യവുമില്ല. ഒരു ജോലി കിട്ടണമെങ്കിൽ തന്നെ അൻപതിനായിരവും ഒരുലക്ഷവുമൊക്കെ കൊടുക്കണം. പിന്നെ ചെറുക്കന് ജോലിയൊന്നുമില്ല, എന്നു കരുതി ഒരൊററ പൈസ കുറയത്തില്ല.

അച്ഛൻ: ഇത് വളരെ ബുദ്ധിമുട്ടിയാ ഒപ്പിച്ചത്. എങ്ങനെയെങ്കിലും ഇതൊന്ന് ശരിയാക്കണം.

ദല്ലാൾ: ആകട്ടെ, എന്തുകൊടുക്കാം?

കോറസ്: ഇരുപതിനായിരം, നാൽപതിനായിരം, എൺപതിനായിരം, ഒരു ലക്ഷം ഒന്നരവട്ടം, ഒരു ലക്ഷം, രണ്ടരവട്ടം, ഒരു ലക്ഷം മൂന്നു തവണ, (ദല്ലാളും അച്ഛനും പോകുന്നു. കല്യാണം നടക്കുന്നു. സീതയെ ചെറുക്കൻ കൊണ്ടുപോകുന്നു. അതിനുശേഷം സീത പണിയെടുക്കുന്നു. ഫാക്ടറിയിൽ പോകാൻ ഒരുങ്ങുന്നു.)

(ഫാക്ടറിയിലെ ദുരിതങ്ങൾ)

(അന്തിയോളം പണിയെടുത്ത് ക്ഷീണിതയായി വീട്ടിൽ മടങ്ങിയെത്തുന്നു)

ഭർത്താവ്: ഏതു നാട്ടിലാടീ രാത്രിയും പണിയുള്ള ഓഫീസ്? എടീ നിന്നോടാ ചോദിച്ചത്? ഇവളുമാർക്കൊക്കെ ഒരു പണികിട്ടിയാൽ പിന്നെ ഇളയടത്തു റാണിയുടെ പവറല്ലിയൊ? ഞാനങ്ങു വരട്ടെ. നിന്നെ കാണിച്ചുതരാം.

(സീത വീട്ടുപണിയെടുക്കുന്നു. അവസാനം തളർന്നു വീഴുന്നു.)

നരേററർ: കണ്ടോ? ഇതാണ് സ്ത്രീ. അന്തിയോളം പാടത്തും ഓഫീസിലും ഫാക്ടറിയിലും പണിയെടുത്ത് തളർന്നുവന്ന് കത്താത്ത അടുപ്പിൻെറയും കരിക്കലങ്ങളുടെയും ഇടയിൽ വെന്തമരുന്ന സ്ത്രീ. ഇതേ സ്ത്രീയെ തന്നെയാണ് ടയറിൻെയും സിഗററിൻെറയും പരസ്യമോഡലുകളായി നിങ്ങളുടെ മുൻപിലെത്തിക്കുന്നത്. നാമമാത്രമായ വസ്ത്രം ധരിപ്പിച്ച് ക്യാബറെ ആർട്ടിസ്ററുകളായും അരങ്ങിലെത്തിക്കുന്നത്. ഇത് ഭാവശുദ്ധിയുള്ള ഭാരത സ്ത്രീയാണ്. സീത. വളക്കുഴിയിലെ പുഴുവിനെ പോലെ പിടയേണ്ടവളല്ല ഇവൾ.

(കോറസും നരേററുംകൂടി ഒന്നിച്ച് പാടുന്നു.)

"മെഴുകുതിരികളായെരിഞ്ഞു തീർന്നിടൊല്ലാ
കദനകഥകളായിനിയും മാറിടൊല്ല"

രീതിമാറി:

"കയറിനിൽക്കുക, വലിച്ചിറക്കുക,
ഇരിപ്പിടങ്ങൾ കയ്യടക്കുക, പോർവിളിക്കുക നിങ്ങൾ
പുരുഷശക്തിക്കെന്നു മതിനെ പകുതിയാകും
ഇണകളായി
പൊരുതിനിൽക്കുക നിങ്ങൾ.

സ്വയംവരം

സൂത്രധാരൻ: (അനൗൺസ്മെൻറ്)

ഇവിടെ ഇതാ ഒരു സ്വയംവരം നടക്കാൻ പോവുകയാണ്. പണ്ട് രാജകുമാരിമാർ തങ്ങളുടെ ഭർത്താക്കൻമാരെ സ്വയംവരിക്കുകയായിരുന്നല്ലോപതിവ്. പക്ഷേ, ഇന്നത്തെപോലെ അന്നും കള്ളവേഷക്കാർ ഉണ്ടായിരുന്നു. ഭീമപുത്രിയായ ദമയന്തിയുടെയും നിഷധരാജാവായ നളൻെറയും കഥ—നളചരിതം—ഇത്തരത്തിലുള്ള കള്ളവേഷങ്ങളെ അരങ്ങത്ത് കൊണ്ടുവരുന്നുണ്ട്. നിങ്ങളുടെ മുമ്പാകെയും കള്ളവേഷങ്ങൾ വന്നിട്ടുണ്ട്, ഇനിയും വരും—ഞാനാണ് സമത്വം, ഞാനാണ് സോഷ്യലിസം, ഞാനാണ് ഇന്ത്യ എന്നൊക്കെ പറഞ്ഞുകൊണ്ട്! യഥാർഥ നളനെ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയണം: സ്വയംവരം!

[ചെണ്ടമേളം]

ശ്ലോകം:

പണ്ടേ പണം ഭരണരംഗമടക്കിവാഴു—
മിന്നാട്ടിൽ ജാതി മതശക്തികൾ കൂട്ടുകൂടി.
എല്ലാമടക്കിടുവതിന്നു തയാറെടുത്തു
വന്നെത്തിടുന്നു ജനകീയ വിരുദ്ധശക്തി

(ചെണ്ട,ഇലത്താളം)

—തിരനോട്ടം—

പാട്ടുകാർ:

മാനവലോകം മുഴുവനുമാണെൻെറ
മാനസോല്ലാസിയാം ഭീമപുത്രി
അവളെച്ചതിച്ചു വരിക്കുവാനെത്തുന്നി
തമരലോകത്തിലെയുപരിവർഗം
സമതതൻ സൗന്ദര്യമുള്ളവനെൻ നളൻ
സത്യത്തിലെൻെറ മകൾക്കു നാഥൻ
അവളെച്ചതിച്ചു ഭരിക്കുവാൻ മോഹിക്കു

മധികാരിവർഗമേ ദേവകളേ
ജടയൂരിയെറിയുമ്പോരം ഉയരുന്നൊരാഗ്നേയ
ച്ചുടലയിൽ നിങ്ങരം ദഹിച്ചുപോകും.
(ചെണ്ട ഗംഭീരനാദം)
നല്ലതു നല്ലതിനോടെ ചേരേണം–തവ (2)
വല്ലഭനപരൻ തുല്യൻ നഹിനൂനം (2)
വിഷ്ണു രമക്ക്, നിശക്ക് ശശാങ്കൻ, (2)
ഉമക്ക് ഹരൻ, നളനോർക്കിൽ നിനക്കും (2)
(നല്ലതു നല്ലതിനോടേ ചേരേണം)
(മട്ടുമാററി)
വാനോർ പുരിയുടെ വാതിൽ തുറന്നൂ
ദേവൻമാരുടെ മേലാളൻ
ഉർവശി മേനക രംഭ തിലോത്തമ
സുന്ദരിമാരുടെ മണവാളൻ.
നാരദനോതിയതോർമിക്കുന്നു—
ഭൂമിയിലുണ്ടൊരു പെണ്ണത്രേ—
(കർട്ടൻ പിന്നിലേക്കു നീങ്ങുന്നു)
കള്ളപ്പണമല്ലാതൊന്നും കൈമുത
ലില്ലാത്തവൻ ആ ദേവേന്ദ്രൻ
മുട്ടിന് മുട്ടിന് സോഷ്യലിസത്തെ
പൊക്കിക്കാട്ടിയെത്തുന്നു
(ദേവേന്ദ്രൻ മുന്നോട്ടു നീങ്ങുന്നു)
തറവാടിൻെറ മഹത്വം കാട്ടി
നാടുഭരിക്കും ജലദേവൻ
മണ്ണിൻമക്കളെ പററിക്കാനായ്
വേഷം കെട്ടിയെത്തുന്നു
(വരുണൻ മുന്നോട്ടു നീങ്ങുന്നു)
വർഗീയത്വം വാരിവിതക്കും
രക്തക്കൊതിയൻ യമരാജൻ
ജാതിമതങ്ങരം കൊട്ടിപ്പാടി
കോലംകെട്ടിയെത്തുന്നു
(യമൻ മുന്നോട്ടു നീങ്ങുന്നു)
സ്വാതന്ത്ര്യത്തിൻ നാമം ചൊല്ലി
നാടു പിളർക്കും പാവകനോ
തമ്മിൽ തമ്മിലടിപ്പിക്കാനായ്
പ്രസ്ഥാനങ്ങരം വളർത്തുന്നു

(അഗ്നി മുന്നോട്ടു നീങ്ങുന്നു)

മണ്ണിൻെറ പുത്രിയാം ഭൈമിയെ വേൾക്കുവാൻ
മോഹേനയെത്തുന്നു ഭൂതലത്തിൽ
മാനവലോകമടക്കി ഭരിക്കുവാൻ
ഡോളറുമായി പറന്നു വന്നു.

(വ്യത്യസ്തരീതികളിൽ)

ഇന്ദ്രൻ : അവളെക്കിട്ടുകിലതുമതി-ഹ, ഹ, ഹ,
വരുണൻ : അവളെക്കിട്ടുകിലതുമതി—ഹ ഹ ഹ
യമൻ : അവളെക്കിട്ടുകിലതുമതി— ഹ ഹ ഹ
അഗ്നി : അവളെക്കിട്ടുകിലതുമതി-ഹ ഹ ഹ
നാൽവരും കൂടി : അവളെക്കിട്ടുകിലതുമതി നാടിൻ
ഭരണം കൈകളിലായല്ലോ
അവളെക്കിട്ടുകിലതുമതി-നാടിൻ
വിഭവം നമ്മുടെയായല്ലോ-ഹ ഹ ഹ

(ഇപ്പോൾ തിരശ്ശീല പിന്നിലാണ്. അതിൻെറ പിന്നിൽ ദമയന്തിയുടെ മണിയറ. ഓരോരുത്തരായി ചുവടുവെച്ച് അഭിനയിച്ച് മണിയറവാതിൽക്കൽ ചെന്നുമുട്ടുന്നു. തുറക്കുന്നില്ല. മുഖത്ത് നിരാശയും ഇനിയെന്തു ചെയ്യേണ്ടു എന്ന ഭാവവും. മാർഗം കളിപ്പാട്ടിൻെറ രീതിയിൽ പാട്ടുകാർ പാടുന്നു.)

ഇന്ദ്രൻെറ പദം : താശിയോടെ താനടച്ച
മണവറേടെ വാതലുചുററും
3തവണ പേരാരം പൂണ്ടപെരും
തേവർ വന്ന് വാതൽമുട്ടി
വരുണൻ : താശിയോടെ താനടച്ച
3തവണ മണവറേടെ വാതലുചുററും
മണിമോതിരക്കയ്യാലെ
വരുണൻ വന്നു വാതൽമുട്ടി
യമൻ : താശിയോടെ താനടച്ച
3തവണ മണവറേടെ വാതലുചുററും
ഉററവനെന്നുറുതിദേവൻ
ഉറുതിയൊടെ വാതലുമുട്ടി
അഗ്നി : താശിയോടെ താനടച്ച
3തവണ മണവറേടെ വാതലുചുററും
പെററതായാരെന്നപോലെ
തീപകവാൻ വാതലുമുട്ടി

(പക്ഷേ, വാതിൽ തുറന്നില്ല. നാലുപേരുംകൂടി പ്രലോഭനങ്ങൾ നടത്തുന്നു. നാലുപേരും മുന്നോട്ടുവന്ന് ശ്രോതാക്കളോടായിട്ടാണ് ഇത് ചെയ്യുന്നത്)

ഇന്ദ്രൻ : വീടിനൊരു ജോലിതരാം
മിനിമംകൂലി നേടിത്തരാം
വയറുനിറേ ചോറുതരാം
നിരക്ഷരത മാററിത്തരാം

വരുണൻ : വട്ടകയും കിണ്ടീം തരാം
വട്ടമൊത്ത താലം തരാം
പട്ടുചേല ഞാൻതരുമ്പോൾ
ഭംഗിയൊത്ത മേൽവിതാനം

അഗ്നി : കട്ടിൽതരാം മെത്തതരാം
കണ്ടിരിക്കാൻ വിളക്കുതരാം
ഒത്തവണ്ണം ഞാൻ തരുമ്പോൾ
ഒന്നിനൊന്നും കുറവില്ലാതെ

യമൻ : നാടുതരാം, വീടുതരാം
നാലുകെട്ട് പണിതുതരാം
കാറുതരാം കാശുതരാം
കാര്യമെന്തും നേടിത്തരാം

ഇന്ദ്രൻ : നല്ല ഭൂമി പതിച്ചുതരാം
കുഴൽക്കിണറു കുത്തിത്തരാം
നമ്മൾ രണ്ട് നമുക്ക് രണ്ട്
എൻെറകൂടെ പോരു തങ്കം

എല്ലാവരും കൂടി : എൻെറകൂടെ പോരു തങ്കം
എന്തുമെന്തും നേടിത്തരാം

(എൻെറ കൂടെ പോരു തങ്കം എന്ന ഈരടി മൂന്നുവട്ടം പാടിക്കൊണ്ട് പിന്നോക്കം നീങ്ങുന്നു. വീണ്ടും കർട്ടൻെറ അടുത്തെത്തുന്നു. ദയമന്തി പുറത്തുവരുന്നതു കാണാതെ ഇനി അവളെ എങ്ങനെ പററിക്കണമെന്ന് ആലോചിക്കുന്നു.)

ഇന്ദ്രൻ : എന്തുംചെയ്തീ ഭൈമിയെ നേടാൻ
എനിക്കുമോഹം

വരുണൻ : മണ്ണിൻ ശക്തിപ്രതീകമവളെ
എനിക്കുവേണം

യമൻ : അവളുടെയുള്ളിൽ നിറഞ്ഞുനിൽപ്പു
ണ്ടോരേയൊരാൾ മാത്രം

അഗ്നി: അവനെകാണാതൊഴിച്ചു നിർത്താൻ
വേണമുപായം

എല്ലാവരും നമ്മുടെ നിലനിൽപ്പപകടമാക്കുവ
തൊരേയൊരാശ മാത്രം
അവൻെറ വേഷം നാമേ കെട്ടുക:

(അവർ വേഷംമാററുന്നു).

സ്വയംവരത്തിനു രാജാക്കൻമാർ
നിരന്നിരിപ്പൂ കൂട്ടത്തിൽ
നളൻെറ വേഷവുമണിഞ്ഞവർ
നാൽവരുമെത്തിയിരിക്കുന്നു
നളൻെറ രൂപം നളൻെറ ഭാവം
നളൻെറ വേഷവിധാനങ്ങരം.

(തിരശ്ശീലയ്ക്ക് പിന്നിൽനിന്ന് ദമയന്തി കടന്നു വരുന്നു. മാലയുമായി ഓരോരുത്തരെയും സമീപിച്ച് സംശയത്തോടെ പിൻവാങ്ങുന്നു.)

സ്വയംവരത്തിനു മാലയുമായി
ചുററിനടന്നു ദമയന്തി
എനിക്കെനിക്കെന്നെങ്ങനെ കണ്ഠം
നീട്ടിയിരുന്നൂ ദേവൻമാർ
സ്വയംവരത്തിന് മാലയുമായി
ഉഴറിനടക്കുകയാണിന്നും
യഥാർഥനളനെക്കാണാതങ്ങനെ
ഭാരതപുത്രി ദമയന്തി

(അശരീരി)

ഹേ, ഭാരതപുത്രി ദമയന്തി നിനക്കെന്തേ
മതിഭ്രമം
വിണ്ണിൽ ജനിച്ചവർ വർജ്യർ നിനക്കിവർ
മണ്ണുതൊടാത്തവർ കപടപ്പരിഷകരം
മണ്ണിൻെറ പുത്രനാം നിൻ മുറച്ചെക്കനെ
കണ്ണുതുറന്നങ്ങു വേരംക്കുക നീയിന്നു.

നല്ലതു നല്ലതിനോടെ ചേരേണം തവ-
വല്ലഭനപരൻ തുല്യൻ നഹിനൂനം
വിഷ്ണു രമക്കു, നിശക്കു ശശാങ്കൻ,
ഉമയ്ക്കു ഹരൻ, ഇവനോർക്കിൽ നിനക്കും

(നല്ലത് നല്ലതിനോടെ ചേരേണം)

നാലു ശാസ്ത്രജ്ഞൻമാരും രണ്ടുശവങ്ങളും

വിളംബരക്കാരൻ:

ഈ ലോകത്തിലുള്ള സകലമാന ശാസ്ത്രജ്ഞൻമാരുടെയും അറിവിലേക്കായി MIA, അതായത് മെഡിക്കൽ ഇൻറർനാഷണൽ അസോസിയേററ്സ് വിളംബരപ്പെടുത്തുന്നതെന്തെന്നാൽ: 'ശാസ്ത്രം അഭൂതപൂർവമായ നേട്ടങ്ങാം കൈവരിക്കുകയും ജീവനെത്തന്നെ കൃത്രിമമായി നിർമിക്കാമെന്ന് കണ്ടുപിടിക്കുകയും ചെയ്തിരിക്കെ തങ്ങളുടെ ബുദ്ധിയെയും വിവേകത്തെയും വെല്ലുവിളിക്കുന്ന ഒരു അന്താരാഷ്ട്രമത്സരം. കമ്പനി നൽകുന്ന ശവത്തിന് ജീവൻ നൽകുന്ന ശാസ്ത്രജ്ഞന് 10 കോടി ഡോളറും ജീവിതാവസാനം വരെ ഇഷ്ടമുള്ള ഗവേഷണം നടത്തുന്നതിനുള്ള സൗകര്യവും സമ്മാനമായി നൽകുന്നതാണ്.

നാടറിയാതെ നാട്ടാരറിയാതെ നേടിവെച്ചിട്ടുള്ള എല്ലാ രഹസ്യ വിജ്ഞാനത്തിൻെറയും ഉടമകരംക്കും ഈ മത്സരത്തിൽ പങ്കെടുക്കാം.'

(വിളംബരം അകന്നുപോകുന്നു. മൂന്നുപേർ വിളംബരം ശ്രദ്ധിച്ചുകൊണ്ട് വേദിയിലേക്ക് വരുന്നു.)

ഒരാരം: ഞാൻ അസ്ഥിമേഘലൻ. അസ്ഥിശാസ്ത്രവിദഗ്ധൻ. കാലം പൊടിച്ചതും പൊടിഞ്ഞതുമായ ഏതൊരു അസ്ഥിക്കൂമ്പാരത്തെയും കണ്ടെടുത്ത് തരംതിരിച്ച് സ്ഥാനം നിർണയിച്ച് രൂപം നൽകാൻ കഴിവുള്ളവൻ. ആകയാൽ ഞാൻ അസ്ഥിമേഘലൻ.

രണ്ടാമൻ: ഓ! നീയൊരു എല്ലിൻ കൂടുണ്ടാക്കുന്നവൻ! എടോ, ജീവിയായാൽ രൂപം വേണം, രൂപ

ത്തിനോ മാംസം വേണം. അളിഞ്ഞതും പിളിഞ്ഞതും കത്തിക്കരിഞ്ഞതും. എന്തിനേറെ മണ്ണോടുമണ്ണുചേർന്ന മാംസം പോലുമെടുത്ത് തരംതിരിച്ച് സ്ഥാനം നിർണയിച്ച് പൂർവസ്ഥിതിയിലാക്കാൻ കഴിവുള്ളവൻ. ഞാൻ സിദ്ധമാംസൻ.

മൂന്നാമൻ: ഹ! ഹ! അതുകൊണ്ടെന്തുകാര്യം. ശവം എന്നും ശവം തന്നെ, ഞാൻ ഹൃദയചാലൻ. നിന്നുപോയ ഏതൊരു ഹൃദയത്തെയും, അതെത്ര പഴക്കമുള്ളതായാലും വീണ്ടും ചലിപ്പിക്കുവാൻ കഴിവുള്ളവൻ. ആകയാൽ ഹൃദയചാലൻ.

(നാലാമൻ രംഗത്തു വരുന്നു. ഓരോരുത്തരെയും സമീപിക്കുന്നു. ഓരോരുത്തരും പേര് ആവർത്തിക്കുന്നു.)

മൂന്നുപേരും: നിങ്ങളാരാണ്?

നാലാമൻ: എന്റെ പേര് സകലസിദ്ധൻ.

മൂന്നുപേരും: സകലസിദ്ധൻ! നമുക്ക് ഇയാളെക്കൂടി കൂട്ടാം.

(നാലുപേരും MIAയുടെ ആസ്ഥാനത്തിലെത്തുന്നു. മൂന്നുപേരും സ്വയം പരിചയപ്പെടുത്തുന്നു. നാലാമനെ പരിചയപ്പെടുത്തുന്നു.)

MIA: മൽസരത്തിന്നുള്ള വ്യവസ്ഥകളെല്ലാം അറിയാമല്ലോ?

നാലുപേരും: അറിയാം.

MIA: എന്റെ പരീക്ഷണശാലക്കകത്തുള്ള ശവത്തിന് ജീവൻ കൊടുക്കണം. സമ്മാനത്തുക അറിയാമല്ലോ.

MIA: വരൂ.

നാലുപേരും: അറിയാം

(എല്ലാവരും പോകുന്നു....ലാബറട്ടറി....ശാസ്ത്രജ്ഞരിലൊരാൾ ഒരു പെട്ടി തുറന്നു നോക്കുന്നു.)

അയാൾ: ഹാ! ഇത് ഐൻസ്ററയ്നാണല്ലോ. ഹ!

ഇദ്ദേഹത്തെ ജീവിപ്പിച്ചുകഴിഞ്ഞാൽ ലോകത്തിന് എത്ര വലിയ നേട്ടമായിരിക്കുമത്? ലോകസമാധാനത്തിനുവേണ്ടി അദ്ദേഹം മുന്നിൽ നിന്ന് പ്രവർത്തിക്കും, എനിക്കുറപ്പുണ്ട്....

MIA: നിങ്ങൾ ജീവിപ്പിക്കേണ്ട ശവം അതല്ല, ഇതാണ്.

(തുറന്ന് കാണിക്കുന്നു)

എല്ലാവരും: അയ്യോ!ഇതിനെ ജീവിപ്പിച്ചു കൂടാ....ഇത് നാശത്തിൻെറ പ്രതീകമാണ്.

MIA: അതെന്തിന് നിങ്ങൾ അറിയണം? ഇതിനെ ജീവിപ്പിച്ചാൽ നിയന്ത്രിക്കാൻ ഞങ്ങൾക്കറിയാം.

സകലസിദ്ധൻ: ഇല്ല. ഞാൻ തയ്യാറല്ല. ഹിരോഷിമയും നാഗസാക്കിയും നിങ്ങൾ ഓർക്കുന്നില്ലേ....

MIA: ഒന്നല്ല,ഒട്ടേറെ ഹിരോഷിമകളുംനാഗസാക്കികളും ലോകത്തിനാവശ്യമാണ്. ഇല്ലെങ്കിൽ സമ്പദ്വ്യവസ്ഥ ആകെ തകരും. മാത്രമല്ല ജനങ്ങൾ എത്രമാത്രം ഭയപ്പെട്ടു ജീവിക്കുന്നുവോ അത്രമാത്രം ലോകവും ലോകരും നമ്മുടെ വരുതിയിൽ....അതാണ് ഞങ്ങളുടെ സിദ്ധാന്തം....

സകലസിദ്ധൻ: ഇല്ല. ഞാൻ തയ്യാറല്ല. എൻെറ വിജ്ഞാനങ്ങൾ....ഞാൻ നേടിയ ശാസ്ത്ര വിജ്ഞാനങ്ങൾ....അത് മനുഷ്യൻെറ നൻമയ്ക്കായിരിക്കണമെന്ന് എനിക്ക് നിർബന്ധമുണ്ട്, ഈ ഭീകരസത്വത്തെ ജീവിപ്പിച്ച് അതിനെ നിങ്ങളുടെ കൈയിലേൽപിക്കാൻ ഞാൻ തയ്യാറല്ല.

(ഇറങ്ങിപ്പോകുന്നു....രണ്ടു ശാസ്ത്രജ്ഞൻമാർ കൂടിയാലോചിക്കുന്നു. ഒരാൾ ശവത്തെ പരിശോധിക്കുന്നു.)

സിദ്ധമാം: ഇതിനെ ജീവിപ്പിച്ചാൽ നമ്മുടെ വരുതിയിൽ നിൽക്കുമോ!

അസ്ഥിമേ: അതിനെ അവർക്ക് നിയന്ത്രിക്കാൻ കഴിയുമെന്നാണല്ലോ പറയുന്നത്!

(രണ്ടുപേരും രഹസ്യം പറയുന്നു. മൂന്നാമനെ MIA വിളിച്ച് പ്രലോഭിപ്പിക്കുന്നു. മൂന്നാമൻ മററുള്ളവരോട് ചേരുന്നു.)

ഹൃദയപാലൻ: അതോർത്ത് നാമെന്തിന് വേവലാതിപ്പെടണം? ഇതിനെ ജീവിപ്പിച്ചാൽ അതിനെ നിയന്ത്രിക്കുന്ന കാര്യം MIA ഏറെറടുക്കുമെന്നല്ലേ പറയുന്നത്....മാത്രവുമല്ല, നാം അവരുടെ കീഴിലായതിനാൽ നമ്മുടെ കാര്യം ഭയപ്പെടാനുമില്ല. 10 കോടി ഡോളർ കിട്ടുകയും ചെയ്യും.

സിദ്ധ: പത്തുകോടി ഡോളറാണ്, പക്ഷെ....?

അസ്ഥി: അവർക്ക് അതിനെ നിയന്ത്രിക്കാൻ കഴിയുമെങ്കിൽ?

ഹൃദയ: കഴിയും....നിയന്ത്രിക്കും....നാം ഇതിനെ ജീവിപ്പിച്ച് നിയന്ത്രണത്തിലാക്കിയാൽ ലോകവും ലോകരും നമ്മുടെ വരുതിയിൽ.

(മററുള്ളവർ ഏററുപറയുന്നു.....പെട്ടിയുടെ അടുത്തേക്ക് നീങ്ങുന്നു.)

MIA: തുടങ്ങാമല്ലോ ...

മൂവരും: തുടങ്ങാം....

(ഓപ്പറേഷൻ ആരംഭിക്കുന്നു. ഭീകരസത്വം പുനർജനിക്കുന്നു. ശാസ്ത്രജ്ഞരും MIAയും നിയന്ത്രിക്കാൻ ശ്രമിക്കുന്നു. സാധിക്കുന്നില്ല. ഓരോരുത്തരെയായി സത്വം കടിച്ചുകീറിയശേഷം സദസ്സിൻെറ നേർക്ക് അലറിച്ചാടുന്നു.)

ശാസ്ത്രകലാ ജാഥയിലെ ഗാനങ്ങളും സംഗീത ശിൽപങ്ങളും നാടകങ്ങളും ഒക്കെ കൂട്ടായ പ്രവർത്തനത്തിന്റെ ഉൽപന്നങ്ങളാണ്. സമൂഹത്തോട് പ്രതിബദ്ധതയില്ലാത്ത സാഹിത്യകാരൻമാർ സഹിക്കാനാവാത്ത ഉാംവിളിയാൽ നടത്തുന്ന ആത്മാവിഷ്ക്കാരങ്ങളല്ലവ. ശാസ്ത്ര സാഹിത്യ പരിഷത്തിന് ജനങ്ങളുമായി പല അനുഭവങ്ങളും അഭിപ്രായങ്ങളും പങ്കിടാനുണ്ട്. അതിനായി ഉപയോഗിക്കുന്ന മാധ്യമങ്ങളിലൊന്നാണ് ശാസ്ത്രകലാജാഥ. രണ്ടുമൂന്ന് തവണയായി നടന്ന ക്യാമ്പുകളിലൂടെ ഒട്ടേറെ പരിഷത്ത് പ്രവർത്തകരുടെ പ്രയത്നത്തിന്റെ ഫലമായാണ് ഇവയുടെ ഉള്ളടക്കവും രൂപവും ഉരുത്തിരിഞ്ഞുവന്നത്. കരിവെള്ളൂർ മുരളി, പനങ്ങാട് തങ്കപ്പൻപിള്ള, ജോസ് ചിറമ്മൽ മുല്ലനേഴി, പ്രൊഫ. വിജയൻനായർ മുതലായി നിരവധി പേർ ഇതിലേക്ക് സംഭാവന ചെയ്തിട്ടുണ്ട്. റിഹേഴ്സൽ ക്യാമ്പുകരം നടന്ന പാടിയോട്ട് ചാലിലെയും മാങ്ങാട്ടെയും പരിഷത് സുഹൃത്തുക്കളും പരിപാടികരം പരീക്ഷണാർഥം അവതരിപ്പിച്ച ഇരുപതോളം പ്രദേശങ്ങളിലെ ബഹുജനങ്ങളും വിമർശന നിർദേശാദികളിലൂടെ ഇതിനെ മെച്ചപ്പെടുത്തിയിട്ടുണ്ട്. അവരെല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈ അവസരം വിനിയോഗിക്കട്ടെ.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

ശാസ്ത്ര കലാജാഥ

1984

ഒക്ടോബർ 1 — **ഒക്ടോബർ 21**

വള്ളിക്കോത്ത്
(കാസർഗോഡ്)

കുററിപ്പുറം
(മലപ്പുറം)

മേഴത്തൂർ
(പാലക്കാട്)

തൊടുപുഴ
(ഇടുക്കി)

ഇലന്തൂർ
(പത്തനംതിട്ട)

ഐൻസ്റ്റൈൻ ജങ്ഷൻ
(തിരുവനന്തപുരം)



ശാസ്ത്രം അധ്വാനം

അധ്വാനം സമ്പത്ത്

സമ്പത്ത് ജനനന്മക്ക്

ശാസ്ത്രം ജനനന്മക്ക്

ശാസ്ത്രം
സാമൂഹ്യ വിപ്ലവത്തിന്